മുസ്‌ലിമിന്റെ ഒരു ദിനം

ഒരു മുസ്‌ലിമിന് തന്റെ ദൈനംദിന ജീവിതത്തിൽ വളരെ അത്യാവശ്യമായി വരുന്ന ചില ദിക്റുകളാണ് ഇവിടെ ചേർക്കുന്നത്. പലതിലും ഒന്നിലധികം ദിക്റുകൾ തിരുനബി صَلَّى اللّٰهُ عَلَيْهِ وَآلِهِ وَصَحْبِهِ وَسَلَّمَ യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനമായത് മാത്രമാണ് ഇവിടെ കൊടുക്കുന്നത്.

(രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ചില സുപ്രധാന ദിക്റുകൾ മുകളിൽ കൊടുത്ത വിർദുല്ലത്വീഫിൽ അടങ്ങിയിട്ടുമുണ്ട്.)

ഉറക്കിൽ നിന്ന് ഉണർന്നാൽ രണ്ട് കൈകൾ കൊണ്ടും കണ്ണുകളടക്കം മുഖം തടവുന്നത്, ഉന്മേഷം കിട്ടാൻ കാരണമാകും. മുഖം തടവുന്ന സമയത്ത് നമ്മുടെ നാവിലൂടെ വരുന്ന ദിക്റ് താഴെയുള്ള കലിമത്തുതൗഹീദ് ആവട്ടെ ...لَا إِلَهَ إِلَّا اللّٰهُ وَحْدَهُ എത്ര ഭാഗ്യമാണ് ആദ്യവചനം ഇതാവുക എന്നത് അല്ലാഹു തൗഫീഖ് നൽകട്ടെ.. അല്ലാതെ മൊബൈലോ, അതിൽ വന്ന വിശേഷങ്ങളോ ആവരുത്. അവയൊക്കെ പിന്നെയാവാം. മുഖം തടവിക്കൊണ്ട് ഇങ്ങനെ ചൊല്ലുക:

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ، لَا إِلَهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ◦ أَشْهَدُ أَن لَّا إِلَهَ إِلَّا اللّٰه وَأَشْهَدُ أَنَّ مُحَمَّدًا رَّسُولُ اللّٰه ◦

(اَللّٰهُمَّ صَلِّ وَسَلِّمْ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِينْ.)

ശേഷം ഉറക്കത്തിൽ നിന്നുണർന്നാലുള്ള ദിക്റുകളും ദുആകളും നിർവ്വഹിക്കുക അവയിതാണ്:

اَلْحَمْدُ لِلّٰهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورْ

أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلّٰهِ وَالْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ

اَللّٰهُمَّ إِنِّي أَسْأَلُكَ خَيْرَ هٰذَا الْيَوْمِ ، فَتْحَهُ وَنَصْرَهُ وَنُورَهُ وَبَرَكَتَهُ وَهُدَاهُ وَأَعُوذُ بِكَ مِنْ شَرِّ مَا فِيهِ وَشَرِّ مَا بَعْدَهُ

اَلْحَمْدُ لِلّٰهِ الَّذِي بَعَثَنِي سَالِمًا سَوِيًّا ، أَشْهَدُ أَنَّ اللهَ يُحْيِي الْمَوْتَى وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

ഇവയെല്ലാം തിരുനബി صَلَّى اللهُ عَلَيْهِ وَآلِهِ وَصَحْبِهِ وَسَلَّمَ യുടെ നാവിലൂടെ ഉരുവിട്ട ദിക്റുകളാണ്, സുബ്ഹിക്ക് എഴുന്നേൽക്കുന്ന ഒരു വിശ്വാസി ഇവ ചൊല്ലി എഴുന്നേറ്റാൽ അന്നത്തെ ദിവസം എല്ലാം കൊണ്ടും ബറക്കത്തുള്ളതായിരിക്കും, إِنْ شَاءَ الله.

കക്കൂസിലേക്ക് പ്രവേശിക്കുമ്പോൾ

بِسْمِ اللهِ اَللّٰهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ

കക്കൂസിൽ നിന്ന് തിരിച്ചിറങ്ങുമ്പോൾ

غُفْرَانَكَ الْحَمْدُ لِلّٰهِ الَّذِي أَذْهَبَ عَنِّي الْأَذَى وَعَافَانِي

മനാരം ചെയ്ത ശേഷം

اَللّٰهُمَّ طَهِّرْ قَلْبِي مِنَ النِّفَاقِ وَحَصِّنْ فَرْجِي مِنَ الْفَوَاحِشِ

(കക്കൂസിൽ വെച്ച് ഇത് ഉരുവിടരുത്, പുറത്തു കടന്നതിനു ശേഷമോ, കക്കൂസ്സും കുളിമുറിയും വേർതിരിച്ചുണ്ടാക്കിയിട്ടുണ്ടെങ്കിൽ അവിടെ വെച്ചോ ചൊല്ലുക.)

വുളൂഇന് ശേഷം രണ്ട് കയ്യും മേൽപ്പോട്ട് ഉയർത്തി ചൊല്ലാനുള്ള ദുആ

أَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ. اَللَّهُمَّ اجْعَلْنِي مِنَ التَّوَّابِينَ وَاجْعَلْنِي مِنَ الْمُتَطَهِّرِينَ وَاجْعَلْنِي مِنْ عِبَادِكَ الصَّالِحِينَ سُبْحَانَكَ اللَّهُمَ وَبِحَمْدِكَ أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ وَصَلَّى اللهُ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ وَسَلَّمْ

വസ്ത്രം ധരിക്കുമ്പോൾ

بِسْمِ اللهِ ، اَللَّهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِهِ وَخَيْرِ مَا هُوَ لَهُ وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا هُوَ لَهُ ، اَلْحَمْدُ لِلهِ الَّذِي كَسَانِي هَذَا

വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ الْعَلِيِّ الْعَظِيمِ اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ أَنْ أَضِلَّ أَوْ أُضَلَّ أَوْ أَزِلَّ أَوْ أُزَلَّ أَوْ أَظْلِمَ أَوْ أُظْلَمَ أَوْ أَجْهَلَ أَوْ يُجْهَلَ عَلَيَّ

കൂടാതെ ആയത്തുൽ കുർസി, ലി ഈലാഫി, മറ്റു യാത്രയുടെ ദിക്റുകളൊക്കെ ചൊല്ലുന്നത് നല്ലതാണ്.

പള്ളിയിൽ പ്രവേശിക്കുമ്പോൾ, വലതുകാൽ മുന്തിച്ച് താഴെയുള്ള ദിക്റ് ചൊല്ലി പ്രവേശിക്കുക.

أَعُوذُ بِاللهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ ، بِسْمِ اللهِ الرَّحْمَنِ الرَّحِيمِ ، وَالْحَمْدُ لِلهِ رَبِّ الْعَالَمِينَ ، اَللَّهُمَّ صَلِّ وَسَلِّمْ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِ سَيِّدِنَا مُحَمَّدٍ اَللَّهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ ، اَللَّهُمَّ أَنْتَ السَّلَامُ وَمِنْكَ السَّلَامُ فَحَيِّنَا رَبَّنَا بِالسَّلَامِ وَأَدْخِلْنَا الْجَنَّةَ دَارَ السَّلَامِ تَبَارَكْتَ وَتَعَالَيْتَ يَا ذَا الْجَلَالِ وَالْإِكْرَامِ.

ഇഅ്തികാഫിന്റെ നിയ്യത്ത്

نَوَيْتُ الْاِعْتِكَافَ فِي هٰذَا الْمَسْجِدِ لِلّٰهِ تَعَالَى

പള്ളിയിൽ നിന്ന് പുറപ്പെടുമ്പോൾ

اَللّٰهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ وَاغْفِرْ لِي ذُنُوبِي۰

വീട്ടിൽ കടക്കുമ്പോൾ

بِسْمِ اللهِ اَللّٰهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَوْلَجِ وَخَيْرَ الْمَخْرَجِ بِسْمِ اللهِ وَلَجْنَا
وَبِسْمِ اللهِ خَرَجْنَا وَعَلَى اللهِ رَبِّنَا تَوَكَّلْنَا۰

വീട്ടിൽ ആളുണ്ടെങ്കിൽ اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ وَبَرَكَاتُهُ എന്നും , ഇല്ലെങ്കിൽ اَلسَّلَامُ عَلَيْنَا وَعَلَى عِبَادِ اللهِ الصَّالِحِينَ എന്നും ചൊല്ലണം. കൂടാതെ വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ ഇങ്ങനെ ചൊല്ലുന്നത് വളരെ നല്ലതാണ്:

اَلسَّلَامُ عَلَيْنَا مِنْ رَبِّنَا تَحِيَّةً مِّنْ عِنْدِ اللهِ مُبَارَكَةً طَيِّبَةً ، اَلسَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلَى عِبَادِ اللهِ الصَّالِحِينَ.

ശേഷം ആയത്തുൽ കുർസിയ്യും, സൂറത്തുൽ ഇഖ്ലാസും ഓതുക.

ഭക്ഷണത്തിനു മുമ്പ് രണ്ട് കൈകളും കഴുകി താഴെയുള്ള ദിക്റ് ചൊല്ലി വലതു കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യുക.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ اَللّٰهُمَّ بَارِكْ لَنَا فِيمَا رَزَقْتَنَا وَأَطْعِمْنَا خَيْرًا مِنْهُ وَقِنَا عَذَابَ النَّارْ۰

ഭക്ഷണത്തിനുശേഷം

اَلْحَمْدُ لِلّٰهِ الَّذِي أَطْعَمَنِي هٰذَا الطَّعَامَ وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةٍ۰

സദ്യക്ക് ക്ഷണിച്ചവർക്കായുള്ള ദുആ

اَللّٰهُمَّ بَارِكْ لَهُمْ فِيمَا رَزَقْتَهُمْ ، وَاغْفِرْ لَهُمْ وَارْحَمْهُمْ اَللّٰهُمَّ أَطْعِمْ مَنْ أَطْعَمَنِي وَاسْقِ مَنْ أَسْقَانِي۝

അങ്ങാടിയിൽ പ്രവേശിച്ചാൽ

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ ، يُحْيِي وَيُمِيتُ وَهُو حَيٌّ لَا يَمُوتُ بِيَدِهِ الْخَيْرُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ۝

സദസ്സിൽ നിന്ന് പിരിയുമ്പോൾ

سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ ، أَشْهَدُ أَنْ لَّا إِلَهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ۝

വിപൽ ഘട്ടത്തിൽ വർധിപ്പിക്കേണ്ട ദുആ

لَا إِلَهَ إِلَّا اللهُ الْعَظِيمُ الْحَلِيمُ لَا إِلَهَ إِلَّا اللهُ رَبُّ الْعَرْشِ الْعَظِيمِ لَا إِلَهَ إِلَّا اللهُ رَبُّ السَّمَاوَاتِ السَّبْعِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيمْ۝

ഉറങ്ങാൻ ഉദ്ദേശിച്ചാൽ ഫാത്തിഹയും ആയത്തുൽ കുർസിയ്യും, ആമന റസൂലും ഓതിയതിനു ശേഷം 33 പ്രാവശ്യം

سُبْحَانَ اللهِ

എന്ന ദിക്റും. 33 പ്രാവശ്യം

اَلْحَمْدُ لِلّٰهِ

എന്നും 34 പ്രാവശ്യം

اَللهُ أَكْبَرُ

എന്ന ദിക്റും ചൊല്ലുക. ശേഷം:

قُلْ هُوَ اللهُ أَحَدٌ .... ، قُلْ أَعُوذُ بِرَبِّ الْفَلَقِ .... ، قُلْ أَعُوذُ بِرَبِّ النَّاسِ

എന്നീ മൂന്ന് സൂറത്തുകൾ ഓതി ഇരു കൈകളിൽ ഊതി ശരീരം

മുഴുവൻ തടവുക. പിന്നീട് ഇങ്ങനെ ചൊല്ലി :

بِاسْمِكَ رَبِّي وَضَعْتُ جَنْبِي وَبِكَ أَرْفَعُهُ إِنْ أَمْسَكْتَ نَفْسِي فَارْحَمْهَا
وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ٠

വലതു ഭാഗത്തിന്മേൽ ചെരിഞ്ഞു കിടക്കുക. ഉറങ്ങുന്നത് വരെ ദിക്റുകളിൽ മുഴുകുക.

100 പ്രാവശ്യം

لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ الْعَلِيِّ الْعَظِيمْ

എന്ന ദിക്റും, ഒരു പ്രാവശ്യമെങ്കിലും

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ ، يُحْيِي وَيُمِيتُ
وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ٠

എന്ന ദിക്റും, ചുരുങ്ങിയത് 10 പ്രാവശ്യം

اَللّٰهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ وَسَلِّمْ٠

പോലുള്ള സ്വലാത്തും ചൊല്ലുന്നത് വളരെ നല്ലതാണ്.